# NAAMCOS BIOJYOTHI

## Portable Biogas Plant

**Corporate Office :**
3rd Floor, Nechikkadan Tower
Opp. Sarovaram Park, Mini Bypass
Kozhikode - 673 006
Tel No 0495 2924788
Email ID : info@naamcos.org

## ഒരു വീട്ടിൽ
## ഒരു ബയോഗ്യാസ് പ്ലാന്റ് പദ്ധതി

- അടുക്കള മാലിന്യത്തിൽ നിന്നും പാചക വാതകവും, ജൈവവളവും.
- കുറഞ്ഞ സ്ഥലത്ത് വീട് വെച്ച് താമസിക്കുന്നവർക്കായി.
- വേഗത്തിൽ സ്ഥാപിക്കാൻ പറ്റുന്നത്.
- മാലിന്യങ്ങൾ സംസ്ക്കരിക്കപ്പെടുന്നു.
- ഏറ്റവും കുറഞ്ഞ വിലയിൽ വിവിധ മോഡലുകൾ







പൂച്ചെടികൾക്കും പച്ചക്കറികൾക്കും നിത്യവും സമ്പൂർണ്ണ ജൈവവളം ലഭിക്കുന്നു









. മാലിന്യ വിമുക്ത കേരളം

. വിഷരഹിത പച്ചക്കറി

. LPGയിൽ നിന്നും മോചനം

# BIO JYOTHI PORTABLE BIO GAS PLANT

**Suchitwa Mission, Govt. of Kerala, അംഗീകരിച്ചിട്ടുള്ള Portable Bio Gas Plant ചുരുങ്ങിയ വർഷം കൊണ്ടുതന്നെ വളരെ ജനപ്രിയമായി കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇനിയും ഒരുപാടു പേരിലേക്ക് ഇതിന്റെ ഗുണഫലം എത്തിച്ചേരേണ്ടതായിട്ടുണ്ട്. നിർഭാഗ്യവശാൽ അതനുസരിച്ചുള്ള ഒരു ബോധവൽക്കരണ പ്രചാരണവും ലഭ്യതയും ഉണ്ടായില്ല. ടോയ്‌ലറ്റ് ഒരു വീടിന്റെ അവിഭാജ്യ ഘടകമായതുപോലെ മാലിന്യസംസ്കരണ പ്ലാന്റും നമ്മുടെ വീടുകളിൽ അത്യാവശ്യമാണ്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്ക്കരിച്ചുകൊണ്ട് ശുചിത്വവും ആരോഗ്യവും സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. പ്രത്യേകിച്ച് രാജ്യ വ്യാപകമായി പൊതു സ്ഥലത്ത് മാലിന്യം കളയുന്നത് ഏകീകൃതമായ ശിക്ഷാനിയമം പ്രാബല്യത്തിലുള്ള സാഹചര്യത്തിൽ...**

**സ്ഥലപരിമിതിയുള്ള വീടുകളിൽ താമസിക്കുന്നവർക്ക് വേസ്റ്റ് കളയുന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. വലിച്ചെറിഞ്ഞും, ആരും കാണാതെ എവിടെയെങ്കിലും കൊണ്ടുപോയി കളഞ്ഞും നമുക്ക് തന്നെ ദോഷകരമായിത്തീരുന്ന വേസ്റ്റ് നാം തന്നെ സംസ്കരിച്ച്, ഗുണകരമായും ലാഭകരമായും മാറ്റാവുന്നതാണ്. Portable Bio Gas Plant സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന പ്രാരംഭ ചിലവ് ഒരു വർഷം കൊണ്ടുതന്നെ മുതലാവുകയും, തുടർന്ന് LPG യുടെയും ഗുണമേൻമയുള്ള ജൈവ പച്ചക്കറി ഉൽപാദിപ്പിച്ചും മാസം തോറും പണം മിച്ചം പിടിക്കാൻ സാധിക്കും. ലക്ഷങ്ങളും കോടികളും മുടക്കി വീട് നിർമ്മിക്കുന്നവർ കൂടെ മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാൻ വിമുഖതകാണിക്കാൻ പാടില്ല. കാരണം വീടുകൾ നമുക്ക് പണം മടക്കി തരില്ല. Bio Gas Plant നമുക്ക് പണം മടക്കിത്തരും. കൂടാതെ ആരോഗ്യവും ശുചിത്വവും.. മറ്റ് ഏത് ഗൃഹ ഉപകരണങ്ങളേക്കാൾ പ്രാധാന്യം മാലിന്യസംസ്ക്കരണ യൂണിറ്റിന് ഉണ്ട് എന്ന് നാം തിരിച്ചറിയണം.**

**ഒരു വീട്ടിലുണ്ടാകുന്ന അഴുകുന്ന എല്ലാ വേസ്റ്റുകളും ഇതിൽ നിക്ഷേപിക്കാവുന്നതാണ്. ഉദാ: ചായ, കാപ്പി എന്നിവയുടെ വേസ്റ്റും, അരി കഴുകുന്ന വെള്ളം, പച്ചക്കറി വേസ്റ്റ്, തേങ്ങാ വെള്ളം, തേങ്ങാപീര, പഴത്തൊലി, ചീഞ്ഞതും കേടുവന്നതുമായ പഴവർഗങ്ങൾ, പലഹാരങ്ങളുടെ അവശിഷ്ടങ്ങൾ, ബേക്കറി വേസ്റ്റ്, ധാന്യങ്ങളുടെ പൊടി, ഇറച്ചി, മീൻ എന്നിവയുടെ അവശിഷ്ടം, അവ കഴുകുന്നവെള്ളം, എച്ചിൽപാത്രം കഴുകുന്ന വെള്ളം, വളർത്തു മൃഗങ്ങളുടേയും, പക്ഷി, കോഴി എന്നിവയുടെ വിസർജ്ജ്യവസ്തുക്കൾ, എലിയും, പാമ്പും മറ്റും ചത്തതുൾപ്പെടെ അഴുകുന്ന എല്ലാവസ്തുക്കളും പ്ലാന്റിൽ നിക്ഷേപിക്കാവുന്നതാണ്.**

**ഇതെല്ലാം തന്നെ നിശ്ചിത സമയക്രമത്തിൽ ബാക്റ്റീരിയയുടെ പ്രവർത്തനത്താൽ അഴുകി "മീഥേൻ" വാതകം ഉണ്ടാകുകയും ഇത് നമുക്ക് പാചകത്തിന് ഉപകരിക്കുകയും ചെയ്യുന്നു. യാതൊരു ഒരു വിധ ദുർഗന്ധവും ഇതിൽനിന്ന് ഉണ്ടാകുന്നില്ല. പുറത്തേക്ക് വരുന്ന സ്‌ലറി എന്ന ദ്രാവകം സമ്പൂർണവും, സവിശേഷവുമായ ജൈവ വളവുമാണ്. നിത്യവും ലഭിക്കുന്ന ഈ ജൈവവളം ഉപയോഗിച്ച് പൂച്ചെടികളും, പച്ചക്കറികളും, ഫലവൃക്ഷങ്ങളും വളർത്തിയെടുക്കാവുന്നതാണ്. സർവ്വോപരി രോഗവിമുക്തവും, ആരോഗ്യപൂർണ്ണവും, ശുചിത്വകരവുമായ ഒരു സമൂഹത്തിനുള്ള തുടക്കമായി ഇതിനെ കാണാം.....**

NAAMCOS
BIOJYOTHI
Portable Biogas Plant

**Corporate Office :**
3rd Floor, Nechikkadan Tower, Opp. Sarovaram Park, Mini Bypass, Kozhikode - 673 006
Tel No : 0495 2924788 | Email ID : info@naamcos.org